അദ്ദേഹം പരിചയസമ്പന്നനും സമർത്ഥനുമായ ഒരു ഉദ്യോഗസ്ഥനാണെന്നു സേവനചരിത്രത്തിൽനിന്നും തെളിഞ്ഞതിനാൽ ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞപ്പോൾ അദ്ദേഹത്തെ ഡയറക്ടറുടെ സെക്രട്ടറിയായി എക്സിക്യൂട്ടീവ് കമ്മിറ്റി നിയമിച്ചു. പ്രസ്തുത നിയമനം സ്വീകരിക്കുന്നതിനു സർക്കാർ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ സെൻറിന്റെ നിയമങ്ങളിൽ ഗവൺമെൻറ് സർവ്വീസിൽനിന്നും ഡെപ്യൂട്ടേഷനിൽ വരുന്നവരെ യോഗ്യതയുടെ അടിസ്ഥാനത്തിൽ അതേ തസ്തികയിലോ സമാന്തരമായ വേറെ ഏതെങ്കിലും തസ്തികയിലോ നിയമിക്കുവാൻ വ്യവസ്ഥയുണ്ട്.

മെഡിക്കൽ കോളേജ് നടത്തിപ്പിന് വരുന്ന ചെലവ്

1096 [1744] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് നടത്തിപ്പിന് ഒരു വർഷം സ്റ്റേറ്റിന് വരുന്ന ചെലവെത്രയാണ്;

(ബി) ഒരാളെ എം. ബി. ബി. എസ്. ഡോക്ടറാക്കാൻ സ്റ്റേറ്റിന് വരുന്ന ചെലവെത്രയാണ്;

(സി) നേഴ്സാക്കാനും ഫാർമസിസ്റ്റാക്കാനും ലാബറട്ടറി ടെക്നീഷ്യനാക്കാനും ഓരോരുത്തർക്കും വേണ്ടി സ്റ്റേറ്റിന് വരുന്ന ചെലവെത്രയാണെന്ന് പറയാമോ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ നടത്തിപ്പിനും അതിനോട് ബന്ധപ്പെട്ട ഇതര സ്ഥാപനങ്ങളുടെ നടത്തിപ്പിനും കൂടി പ്രതിവർഷം സംസ്ഥാനത്തിന് ഉദ്ദേശം 62½ ലക്ഷം (അറുനൂറ്റി ഇരുപത്തഞ്ചു ലക്ഷം) രൂപയുടെ ചെലവുണ്ട്.

(ബി) ഉദ്ദേശം 80,000 (എൺപതിനായിരം) രൂപ.

(സി) ഒരാളെ നേഴ്സാക്കുന്നതിന് ഏകദേശം 20,000 (ഇരുപതിനായിരം) രൂപയും ഫാർമസിസ്റ്റാക്കുന്നതിന് 4,500 (നാലായിരത്തി അഞ്ഞൂറ്) രൂപയും ലാബറട്ടറി ടെക്നിഷ്യൻ ആക്കുന്നതിനു ഉദ്ദേശം 6,000 (ആറായിരം) രൂപയും വച്ച് സംസ്ഥാനത്തിന് ചെലവ് വരുന്നുണ്ട്.

പ്രൈമറി ഹെൽത്ത് സെൻറുകൾ

1097 [1745] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പ്രൈമറി ഹെൽത്ത് സെൻറർ നടത്തിപ്പിന് ഗവൺമെൻറ് പ്രതിവർഷം ചെലവഴിക്കുന്ന ശരാശരി സംഖ്യ എത്രയാണ്;

(ബി) ഒരു വർഷത്തേക്ക് മരുന്നിന് ഒരു പ്രൈമറി ഹെൽത്ത് സെൻറിന് ചെലവഴിക്കുന്ന സംഖ്യ എത്രയാണ്;

(സി) ഒരു വർഷത്തിൽ ശരാശരി എത്ര രോഗികൾ ഒരു സെൻറിൽ വരുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly